**പ്രത്യേക പരാമർശം**

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഞാൻ നേരത്തെ പറഞ്ഞ ചോദ്യം ഇപ്പോൾ ഉന്നയിക്കുകയാണ്. ഫ്ലാറ്റ് നിർമ്മാണ അഴിമതിയുമായി ബന്ധപ്പെട്ട ഒരു ഫയൽ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോയെന്ന് ഞാൻ ചോദിച്ചിരുന്നു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുമായി ആലോചിച്ച് ചെയ്യാമെന്നാണ് മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞത്. അതുസംബന്ധിച്ച് ശ്രീ. മഞ്ഞളാംകുഴി അലി ആഭ്യന്തര വകുപ്പുമന്ത്രിയുമായി ആശയവിനിമയം നടത്തിയോ? ഇതുസംബന്ധിച്ച് എന്താണ് ആഭ്യന്തര വകുപ്പുമന്ത്രിക്ക് പറയാനുള്ളതെന്ന് കേൾക്കാൻ താൽപ്പര്യമുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പാറ്റൂർ ഭൂമിക്കേസ്സുമായി ബന്ധപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, നഗരകാര്യ വകുപ്പുമന്ത്രിയോട് സഭയിൽ ഉന്നയിച്ചത്. ആ കേസ്സുമായി ബന്ധപ്പെട്ട അന്വേഷണം നടത്തിയത് ലോകായുക്തയാണ്. വിജിലൻസ് എ.ഡി.ജി.പി. എന്നുള്ള നിലയിലല്ലാതെ ശ്രീ. ജേക്കബ് തോമസിനോട് ലോകായുക്ത ഈ കേസ് അന്വേഷിക്കാൻ പറയുകയും അതനുസരിച്ച് അന്വേഷിച്ച് റിപ്പോർട്ട് കൊടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. വിജിലൻസ് അന്വേഷണമല്ല നടന്നത്.

പ്രതിപക്ഷ നേതാവ് പറഞ്ഞ ഫയൽ വിജിലൻസ് വകുപ്പിൽ ഉണ്ടോയെന്ന് പരിശോധിക്കാൻ പറഞ്ഞിട്ടുണ്ട്; വിവരങ്ങൾ കിട്ടിയിട്ടില്ല. ലോകായുക്ത ശ്രീ. ജേക്കബ് തോമസിനെ അന്വേഷിക്കാൻ നിയോഗിച്ചതാണ്. അദ്ദേഹം അന്വേഷിച്ച് റിപ്പോർട്ട് കൊടുത്തുവെന്നാണ് മനസ്സിലാക്കുന്നത്. ഫയൽ ഉണ്ടോയെന്ന് പരിശോധിച്ച്, ഉണ്ടെങ്കിൽ അത് പരിശോധിച്ചശേഷം പ്രതിപക്ഷ നേതാവുമായി സംസാരിക്കുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ,......ഇതൊരു പൊതുവിഷയമാണ്.

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കൽ കഴിഞ്ഞതിനുശേഷം സബ്മിഷൻ സമയത്ത് ശ്രീ. ചിറ്റയം ഗോപകുമാർ പറഞ്ഞ വിഷയമെടുക്കാം.